**X അവലോകനം**

<u>പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളന നടപടികളുടെ സംക്ഷിപ്ത വിവരണം</u>

2025 ജനുവരി 17-ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തോടെ ആരംഭിച്ച പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം മൂന്ന് ഘട്ടങ്ങളിലായി 22 ദിവസത്തെ സിറ്റിംഗ് പൂർത്തിയാക്കി ഇന്നവസാനിക്കുകയാണ്.

ജനുവരി 20-ന് മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണം സംബന്ധിച്ച റഫറൻസോടെ ഈ സമ്മേളനത്തിന്റെ രണ്ടാം ദിനം പിരിയുകയുണ്ടായി. തുടർന്ന് വ്യത്യസ്ത ദിനങ്ങളിലായി മുൻമന്ത്രി എം. ടി. പത്മ, മുൻ നിയമസഭാംഗങ്ങളായ പി. രാജു, കെ. മുഹമ്മദുണ്ണി ഹാജി, പ്രിയ കഥാകാരൻ എം. ടി. വാസുദേവൻ നായർ എന്നിവരുടെ നിര്യാണം സംബന്ധിച്ച റഫറൻസ് ഈ സമ്മേളനത്തിൽ സഭ നടത്തുകയുണ്ടായി.

പ്രധാനമായും 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് പാസ്സാക്കുന്നതിനായി ചേർന്ന ഈ സമ്മേളനത്തിൽ ജനുവരി 21, 22, 23 തീയതികളിൽ ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന

ഉപക്ഷേപത്തിന്മേലുള്ള ചർച്ചയും ഫെബ്രുവരി 7-ന് ബജറ്റ് അവതരണവും ഫെബ്രുവരി 10, 11, 12 തീയതികളിൽ ബജറ്റിന്മേലുള്ള പൊതുചർച്ചയും നടന്നു. തുടർന്ന് ഫെബ്രുവരി 13 മുതൽ രണ്ടാഴ്ച വിവിധ സബ്ജക്ട് കമ്മിറ്റികൾ യോഗം ചേർന്ന് ധനാഭ്യർഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്തു.

കേരള നിയമസഭയുടെ ചരിത്രത്തിൽ ഇത് പത്താം തവണയാണ് പുതിയ സാമ്പത്തിക വർഷാരംഭത്തിനുമുമ്പുതന്നെ ഫുൾബജറ്റ് പാസ്സാക്കുന്നത് എന്ന സവിശേഷതകൂടി ഈ സമ്മേളനത്തിനുണ്ട്. ഇതിനുമുമ്പ് 2023-ലാണ് മാർച്ച് 31-ന് മുമ്പായി ബജറ്റുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിക്കപ്പെട്ടത്.

2025 മാർച്ച് 4 മുതൽ 20 വരെ 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും നടന്നു. ധനകാര്യ, ധനവിനിയോഗ ബില്ലുകൾ ഉൾപ്പെടെ ഈ സമ്മേളനത്തിൽ സഭ ആകെ 9 ബില്ലുകൾ പാസ്സാക്കി. സഭ പാസ്സാക്കിയ ബില്ലുകളിൽ 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ, 2025-ലെ കേരള സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ, 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ, 2025-ലെ

സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലുകൾ, 2025-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ, 2025-ലെ കേരള ധനകാര്യ ബിൽ എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത ബില്ലുകൾക്ക് ജനറൽ അമെന്റ്മെന്റ്സ് ഉൾപ്പെടെ ആകെ 6416 ഭേദഗതി നോട്ടീസുകളാണ് ലഭ്യമായത്. അവയിൽ 5678 എണ്ണം അംഗങ്ങൾ ബില്ലിന്റെ വകുപ്പുകൾക്ക് നൽകിയ ഭേദഗതി നോട്ടീസുകളായിരുന്നു. ബില്ലുകളുടെ പരിഗണനാവേളയിൽ അംഗങ്ങൾ നോട്ടീസ് നൽകിയ ഒട്ടേറെ ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രിമാർ സ്വീകരിക്കുകയുണ്ടായി.

രാജ്യത്താദ്യമായാണ് ഒരു സംസ്ഥാന നിയമസഭ മുതിർന്ന പൗരന്മാരുടെ ക്ഷേമം ഉറപ്പാക്കുന്നതിലേക്കായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള സമഗ്രമായ ഒരു നിയമം പാസ്സാക്കിയിരിക്കുന്നത് എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. പല കാര്യങ്ങൾക്കും ഇതരനിയമസഭകൾക്ക് മാതൃകയായി മാറിയ കേരള നിയമസഭ വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്ന കാര്യത്തിലും അത് തുടർന്നിരിക്കുകയാണ്. വയോജനങ്ങളുടെ സേവനങ്ങളും കഴിവുകളും പൊതുസമൂഹത്തിന് പ്രയോജനകരമാക്കുന്നതിനും അവരുടെ അവകാശ

സംരക്ഷണം ഉറപ്പാക്കുന്നതിനുമായി ഇത്തരമൊരു നിയമം പാസ്സാക്കുന്നതിന് മുൻകൈയെടുത്ത ബന്ധപ്പെട്ട വകുപ്പുമന്ത്രിയേയും സർക്കാരിനെയും ചെയർ അഭിനന്ദിക്കുന്നു.

സമ്മേളന കാലയളവിൽ ചട്ടം 50 പ്രകാരമുള്ള 16 നോട്ടീസുകളാണ് സഭ പരിഗണിച്ചത്. അതിൽ ലഹരി വ്യാപനം, താമരശ്ശേരിയിലെ പത്താം ക്ലാസ് വിദ്യാർഥി ഷഹബാസിന്റെ കൊലപാതകം എന്നീ വിഷയങ്ങളിന്മേലുള്ള രണ്ട് നോട്ടീസുകൾക്ക് അവതരണാനുമതി ലഭിക്കുകയും തുടർന്ന് സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു എന്ന ഉപക്ഷേപത്തിന്മേൽ രണ്ട് മണിക്കൂറിലധികം സമയംവീതം ചർച്ച നടത്തുകയും ചെയ്തു.

യുവതലമുറയെ വഴിതെറ്റിക്കുന്ന ലഹരിവ്യാപനം പോലെയുള്ള വിഷയത്തിൽ ചട്ടം 50 പ്രകാരമുള്ള ഉപക്ഷേപത്തിന്മേൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ സന്നദ്ധമായ സർക്കാർ നിലപാട് അഭിനന്ദനാർഹമാണ്. ഈ സാമൂഹ്യവിപത്തിനെ ചെറുക്കുന്നതിന് സർക്കാരിന്റെയും പ്രതിപക്ഷത്തിന്റെയും പൊതുസമൂഹത്തിന്റെയും കൂട്ടായ ഇടപെടലുണ്ടാകണം. എല്ലാ സാമാജികരും അക്കാര്യത്തിൽ അതത് മണ്ഡലതലത്തിലും

സംസ്ഥാനതലത്തിലും തങ്ങളുടെതായ പങ്ക് വഹിക്കാൻ തയ്യാറാകണമെന്നുകൂടി ചെയർ അഭ്യർഥിക്കുന്നു.

വിവിധ ദിവസങ്ങളിലായി സഭയുടെ മേശപ്പുറത്ത് വയ്ക്കപ്പെട്ട 2024-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ), 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി), 2021-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ്, 2021-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ്, 2020-ലെ കേരള ട്രഷറി (ഒന്നാമത് ഭേദഗതി) ചട്ടങ്ങൾ, 2024-ലെ കേരള പഞ്ചായത്ത് രാജ് (മൃഗാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ എന്നീ ചട്ടങ്ങൾക്ക് ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയ ഭേദഗതികൾ സഭ പരിഗണിക്കുകയും അവയിൽ നിരവധി ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രിമാർ സ്വീകരിക്കുകയുമുണ്ടായി. സഭ നൽകിയ അധികാരം വിനിയോഗിച്ചുകൊണ്ട് സർക്കാർ നിർമ്മിക്കുന്ന ചട്ടങ്ങൾ നിയമസഭ പാസ്സാക്കിയ മൂലനിയമങ്ങൾക്കനുസൃതവും കുറ്റമറ്റതുമാണെന്ന കാര്യം

ഉറപ്പാക്കുന്നതിന് നിയമസഭാംഗങ്ങൾക്ക് ലഭ്യമായിരിക്കുന്ന അവസരം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ ഭാഗത്തുനിന്നുണ്ടായ ഇടപെടലിനെ ചെയർ അഭിനന്ദിക്കുന്നു.

1998-ൽ സഭ പാസ്സാക്കിയ കേരള റാഗിംഗ് നിരോധന നിയമപ്രകാരം രൂപീകരിക്കേണ്ട ചട്ടങ്ങൾ നാളിതുവരെ പുറപ്പെടുവിക്കാത്തത് സംബന്ധിച്ച വിഷയം ക്രമപ്രശ്നമായി ഉന്നയിച്ച ബഹു. അംഗം ശ്രീ. എ. പി. അനിൽ കുമാറിനെ ചെയർ അനുമോദിക്കുകയും നിയമത്തിലെ വ്യവസ്ഥകൾ കൂടുതൽ കാര്യക്ഷമമായും സമയബന്ധിതമായും കാലാനുസൃതമായും നടപ്പാക്കുന്നതിലേക്കായി വിശദമായ ചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ടോ എന്നത് നിലവിലെ സാഹചര്യത്തിൽ സർക്കാർ വിശദമായി പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി.

യു.ജി.സി. പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ചും ആഴക്കടൽ ധാതുഖനനവുമായി ബന്ധപ്പെട്ട കേന്ദ്ര നിയമഭേദഗതി സംബന്ധിച്ചും ചട്ടം 118 പ്രകാരമുള്ള രണ്ട് ഗവൺമെന്റ് പ്രമേയങ്ങളും 1944-ലെ പൊതുകടം ആക്റ്റ് റദ്ദ് ചെയ്യുന്നതിന് 2006-ലെ ഈടുപത്രങ്ങൾ ആക്റ്റിൽ ആവശ്യമായ

ഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന ചട്ടം 23 പ്രകാരമുള്ള ഒരു സ്റ്റാറ്റ്യൂട്ടറി പ്രമേയവും ഈ സമ്മേളനക്കാലയളവിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

സമ്മേളന കാലയളവിൽ 35 ശ്രദ്ധക്ഷണിക്കലുകളും 208 സബ്മിഷനുകളും സഭ മുമ്പാകെ അവതരിപ്പിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു. സമ്മേളനത്തിലാകെ 706 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും നിരവധി നിയമസഭാ കമ്മിറ്റികളുടേതായ 97 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സമ്മേളന കാലയളവിൽ അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി നീക്കിവച്ച ഒരു വെള്ളിയാഴ്ച 4 പുതിയ ബില്ലുകൾ ഉൾപ്പെടെ ആകെ 7 പ്രൈവറ്റ് മെമ്പർ ബില്ലുകൾ സഭ പരിഗണിക്കുകയും 5 ബില്ലുകൾ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തു.

ഈ സമ്മേളന കാലത്ത് 17 ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി ആകെ 6655 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. ഇതിൽ 94 എണ്ണം

വിവിധ കാരണങ്ങളാൽ നിരസിക്കുകയും 33 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 510 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 6018 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 6528 ചോദ്യങ്ങൾ അച്ചടിച്ചു. ഇതിൽ നക്ഷത്രചിഹ്നമിട്ട 510 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5492 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്തുതന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്. 526 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കേണ്ടതുണ്ട്.

ചോദ്യോത്തര വേളകളിൽ 80 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 550 അവസരങ്ങളിലായി 627 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു.

വിവിധ സമ്മേളനങ്ങളിലെ നക്ഷത്രചിഹ്നമിട്ട ഒരു ചോദ്യത്തിന്റെയും നക്ഷത്രചിഹ്നമിടാത്ത 3 ചോദ്യങ്ങളുടെയും ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവനകൾ ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ സമ്മേളനത്തിലെ ചോദ്യങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിപക്ഷം ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കാൻ ബന്ധപ്പെട്ട

മന്ത്രിമാർ ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും ഇനിയും ഏതാനും മറുപടികൾകൂടി ലഭ്യമാക്കാനുണ്ടെന്നാണ് കാണുന്നത്.

ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി എന്നിവർ ഈ സമ്മേളനത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ മറ്റ് മന്ത്രിമാർക്കും ഈ മാതൃക സ്വീകരിക്കാവുന്നതാണ്. ഇനിയും മറുപടി നൽകാനുള്ള ചോദ്യങ്ങൾക്ക് പൂർണ്ണമായി ചട്ടം അനുശാസിക്കുന്നവിധം മറുപടി ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് ചെയർ വീണ്ടും ഓർമ്മിപ്പിക്കുന്നു.

സഭയുടെ പതിമൂന്നാം സമ്മേളനകാലത്തെ എല്ലാ നടപടികളും സമയബന്ധിതമായി പൂർത്തീകരിച്ച് സമ്മേളനം വിജയിപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ്, വിവിധ കക്ഷി നേതാക്കൾ, മറ്റ് സഭാംഗങ്ങൾ എന്നിവർ കാണിച്ച സഹകരണത്തിന് എല്ലാപേർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. അതുപോലെ സമ്മേളനം വിജയിപ്പിക്കുവാൻ ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ നിയമസഭാ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുതലങ്ങളിലേയും ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി അറിയിക്കുന്നു.

എല്ലാപേർക്കും ഹൃദ്യമായ ഈദുൽഫിത്തർ-വിഷു-ഈസ്റ്റർ ആശംസകൾ നേരുന്നു.